<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2083**</u> <u>**12-09-2023 - ൽ മറുപടിയ്ക്ക്**</u>

<u>**ഹെൽത്തി കിഡ്സ് പദ്ധതി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റിയുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്കൂളുകളിലായി കായികയുവജനകാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിലാണ് ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പിലാക്കുന്നത്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ നേമം നിയോജകമണ്ഡലത്തിലെ ജി.എൽ.പി. എസ്, പൂങ്കുളം, തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ജി.യു.പി. എസ് ബീമാപ്പള്ളി, നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ജി.എൽ.പി. എസ് നെടുമങ്ങാട് എന്നീ വിദ്യാലയങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ